പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 2998

28.01.2014 ൽ
മറുപടിക്ക്

## കോഴിക്കോട് ജില്ലയിൽ മണൽ എടുക്കുന്നതിനുള്ള നിയന്ത്രണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.റ്റി.എ.റഹീം : | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | മണൽ എടുക്കുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ മാത്രമായി എന്തെങ്കിലും നിയന്ത്രണങ്ങൾ കൊണ്ടു വന്നിട്ടുണ്ടോ; | (എ) | ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 05-08-2013, 14-08-2013, 29-08-2013 തീയതികളിലെ OA 171/2013 നമ്പർ ഉത്തരവുകളിൽ MoEF/SEIAA – യിൽ നിന്നുള്ള പാരിസ്ഥിതികാനുമതി കൂടാതെ രാജ്യത്തെവിടെയും നദീതീരങ്ങളിൽ നിന്നോ കടപ്പുറത്തോ മറ്റ് തീര പ്രദേശങ്ങളിലോ ഖനനം നടത്തുന്നതിനും, മണൽ വാരുന്നതും വിലക്കിയിട്ടുണ്ട്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിൽ നിലവിൽ MoEF/SEIAA –യുടെ പാരിസ്ഥിതികാനുമതി ഇല്ലാതെയാണ് കടവുകൾ പ്രവർത്തിക്കുന്നത് എന്ന് കണ്ടതിനാലാണ് 05-12-2013 മുതൽ ജില്ലാ കളക്ടർ മണൽ ഖനനം നിരോധിച്ച് ഉത്തരവിറക്കിയത്. ഇത്തരത്തിലുള്ള നിരോധനം മറ്റ് ജില്ലകളിലും നിലവിലുള്ളതാണ്. |

| | | | |
|---|---|---|---|
| (ബി) | കസ്തൂരിരംഗൻ റിപ്പോർട്ടിൽ പറഞ്ഞ പരിധിക്കുപുറത്ത് ജില്ലയിൽ മൊത്തമായി പ്രത്യേക നിരോധനം ഏർപ്പെടുത്താനുണ്ടായ സാഹചര്യ മെന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | മണൽ ഖനനം നിരോധിച്ചതിന് കസ്തൂരി രംഗൻ റിപ്പോർട്ടുമായി ബന്ധമില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ SLP(C ) 19628, 19629/2009 വിധിയുടെ അടിസ്ഥാനത്തിലും ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA 171/2013 ഉത്തരവിന്റെ അടിസ്ഥാനത്തി ലും സംസ്ഥാനത്തെ എല്ലാവിധ മൈനിംഗ് ജോലികളും, മണൽ വാരൽ പ്രവൃത്തികളും നിർത്തിവെക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ സി1-37524/13 നമ്പർ കത്ത് പ്രകാരം എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിന് 22-11-2013 -ലെ എ5-2204/13 നമ്പർ കത്ത് പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുകയും ഇതേത്തുടർന്ന് മണൽ ഖനനം ഉൾപ്പെടെ ജില്ലയിലെ എല്ലാവിധ ഖനന പ്രവർത്തനങ്ങളും നിർത്തി വെയ്ക്കുകയും ചെയ്തിരുന്നു. തുടർന്ന് 27-11-2013 -ലെ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ DoECC/E3/2681/2013 കത്തിൽ ബഹുമാന പ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA 171/2013 ഉത്തരവ് വ്യക്തത വരുത്തി നൽകുകയും കോടതി ഉത്തരവ് പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കു ന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതേ- ത്തുടർന്നാണ് കോഴിക്കോട് ജില്ലയിൽ 05-12-2013 മുതൽ ജില്ലാ കളക്ടർ മണൽ ഖനനം നിരോധിച്ച് ഉത്തരവിറക്കിയത്. |

(സി) മണൽ എടുക്കുന്നതിനുള്ള നിയന്ത്രണം മൂലം കെട്ടിടനിർമ്മാണ മേഖലയിലും തൊഴിൽ രംഗത്തുമുണ്ടായ അനിശ്ചിതത്വം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ?

(സി) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 23/14/റവ. തീയതി 10-01-2014 പ്രകാരം ബഹുമാനപ്പെട്ട സുപ്രീം കോടതി / കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം / നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ എന്നിവ മുമ്പാകെ അനധികൃത ഖനനങ്ങൾക്കെതിരെ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന കർശന നിയന്ത്രണ സംവിധാനങ്ങളും സ്വീകരിച്ചിട്ടുള്ള നടപടികളും വ്യക്തമാക്കിക്കൊണ്ട് റിവ്യൂ പെറ്റീഷൻ / മോഡിഫിക്കേഷൻ പെറ്റീഷൻ സമർപ്പിക്കുന്നതിന് അനുമതി നൽകുകയും , 2001 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിലെ പൊതുനിബന്ധനകൾ പാലിച്ചുകൊണ്ട് തെരെഞ്ഞെടുക്കപ്പെട്ട നദീതീരങ്ങളിലെ ഖനനത്തിന് പരിസ്ഥിതി ക്ലിയറൻസ് പരിസ്ഥിതി ആഘാതപഠന അതോറിറ്റി (SEIAA) യിൽ അപേക്ഷ സമർപ്പിച്ച് അനുമതി നേടിയെടുക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

Sreelekha T.P.
സെക്ഷൻ ഓഫീസർ